## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 163 — 30.11.2015 ൽ മറുപടിക്ക്

### കേരള ഹൗസിലെ ബീഫ് പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കേരളാ ഹൗസിൽ ഡൽഹി പോലീസ് നടത്തിയ ബീഫ് വേട്ട നിയമ വ്യവസ്ഥകളെ വെല്ലുവിളിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) | കേരളാ ഹൗസിൽ ഡൽഹി പോലീസ് നടത്തിയ ബീഫ് പരിശോധന നിലവിലുള്ള നിയമവ്യവസ്ഥകൾക്കെതിരെയുള്ള നടപടിയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം പ്രധാനമന്ത്രിയേയും, കേന്ദ്ര ആഭ്യന്തര മന്ത്രിയേയും അറിയിച്ചിട്ടുണ്ട്. |
| (ബി) | ഷെഡ്യൂൾ 2(എ) വിഭാഗത്തിലുളള കന്നുകാലികളുടെ മാംസം ഉണ്ടോയെന്ന് പരിശോധിക്കാനാണ് കേരള ഹൗസ് കോമ്പൗണ്ടിൽ നോട്ടീസ് നൽകാതെ ഡൽഹി പോലീസ് പ്രവേശിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നിരോധിച്ചിട്ടുളള കന്നുകാലികളുടെ ഇറച്ചി വിൽക്കുന്ന സ്ഥലത്ത് പ്രവേശിക്കാനും പരിശോധന നടത്തി പിടിച്ചെടുക്കാനും വെറ്ററിനറി ഓഫീസർക്ക് മാത്രമാണ് അധികാരമുളളതെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ; | (സി) | ബോധ്യപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | റസിഡന്റ് കമ്മിഷണറുടെ മുൻകൂർ അനുവാദം ഇല്ലാതെ സംസ്ഥാന ഭവനുകളിൽ പരിശോധനകൾ നടത്തുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഡൽഹി പോലീസ് നിറുത്തലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഡൽഹി പോലീസ് സ്പെഷ്യൽ കമ്മിഷണർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ